

17-02-2023

FRIDAY വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-17/02/2023.

1. കാർഷിക സംരംഭകർക്ക് വഴികാട്ടിയാകുക എന്ന ലക്ഷ്യത്തിൽ വൈഗ 2023 ന്റെ ഭാഗമായി കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന ഡി.പി.ആർ ക്ലിനിക് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉത്ഘാടനം ചെയ്തു. കാർഷിക മേഖലയിലെ സംരംഭകത്വ വികസനത്തിന് മുതൽക്കൂട്ടാകുകയാണ് വൈഗ 2023 ഡി പി ആർ ക്ലിനിക് വഴി ലക്ഷ്യമിടുന്നതെന്നും, തുടർന്നും രണ്ട് മാസ ഇടവേളകളിൽ ക്ലിനിക്ക് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും മന്ത്രി പറഞ്ഞു. മൂല്യ വർദ്ധിത കാർഷിക ഉത്പന്നങ്ങൾ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഉടൻ ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ "കേരൾ ആഗ്രോ" ബ്രാൻഡിൽ എത്തിക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു. ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ സംരംഭകർക്കും അവരവരുടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിജയകരമാക്കുന്നതിനും ആവശ്യമായ ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി പി ആർ) നൽകുന്നതിനോടൊപ്പം, സർക്കാർ പദ്ധതികളിൽ നിന്നുള്ള ആനുകൂല്യം നേടാനും അവസരം ലഭിക്കും. വിവിധ സംരംഭകരും, ഈ മേഖലയിലെ ശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും, സാങ്കേതിക വിദഗ്ധരും ക്ലിനിക്കിൽ പങ്കെടുക്കുന്നുണ്ട്. 4 ദിവസത്തെ ക്ലിനിക്കിലൂടെ 50 സംരംഭകരുടെ ആശയങ്ങളെ വിശകലനം ചെയ്ത് അവരുടെ സംരംഭങ്ങൾക്ക് വഴികാട്ടിയാകുന്ന വിശദമായ പദ്ധതി രേഖ (ഡി പി ആർ) തയ്യാറാക്കും. അവരവരുടെ സംരംഭങ്ങൾക്ക് ഉതകുന്ന ഡി പി ആർ വൈഗയുടെ വേദിയിൽ വച്ച് വിതരണം ചെയ്യും.

2. മൃഗസംരക്ഷണവകുപ്പും ഓണാട്ടുകര വികസനസമിതിയും സംയുക്തമായി നടപ്പിലാക്കുന്ന ആനിമൽ റിസോഴ്സ് ഡെവലപ്മെൻറ് 2022 -23 മാതൃകാപോത്തുകുട്ടിവളർത്തൽ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം ഇന്ന് (17.02.2023) രാവിലെ 9 മണിയ്ക്ക് പന്തളം കടയ്ക്കാട് കൃഷി ഫാം അങ്കണത്തിലെ ഫാർമേഴ്സ് ട്രെയ്നിങ് സെൻററിൽ വെച്ച് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം നിർവഹിക്കുന്നു. തദവസരത്തിൽ വിശിഷ്ടാതിഥിയായി കാർഷികവികസന കർഷകക്ഷേമവകുപ്പ് മന്ത്രി പി .പ്രസാദ് പങ്കെടുക്കുന്നതാണ് .

3. കേരള കാർഷിക സർവകലാശാല നടത്തിവരുന്ന ഓർഗാനിക് അഗ്രികൾച്ചർ, അഗ്രികൾച്ചറൽ സയൻസ് എന്നീ ദ്വി വത്സര ഡിപ്ലോമ കോഴ്സുകളുടെ 2022- 23 അധ്യയന വർഷത്തെ ഒഴിവ് വന്ന

സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 25.02.2023 തീയതിയിൽ രാവിലെ 10.15 ന് സർവകലാശാലയുടെ പഴയ ആസ്ഥാന മന്ദിരത്തിൽ വച്ച് നടത്തപ്പെടുന്നതാണ്. 2022- 23 ഡിപ്ലോമ പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും പ്രസ്തുത സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. പ്രവേശന പരീക്ഷ റാങ്ക് ലിസ്റ്റിനും വിശദവിവരങ്ങൾക്കും www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

4. നാളികേര വികസന ബോർഡിന്റെയും, കേരള കാർഷിക സർവ്വകലാശാലയുടെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനത്തെ കേര കർഷകർക്കായി ബോധവൽക്കരണ സെമിനാറും മേളയും തൃശ്ശൂർ വെള്ളാനിക്കരയിലെ കേരള കാർഷിക സർവ്വകലാശാലയുടെ സെൻട്രൽ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചിരുക്കുന്നു. കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. എ. സക്കീർ ഹുസൈൻ കേരകർഷകമേള ഫെബ്രുവരി 17ന് രാവിലെ 11 മണിയ്ക്ക് ഉദ്ഘാടനം ചെയ്യും. അഗ്രികൾച്ചർ ഡയറക്ടർ അഞ്ജു കെ.എസ്. ഐഎഎസ്, കേരള കാർഷിക സർവ്വകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. ജേക്കബ് ജോൺ, നാളികേര വികസന ബോർഡിന്റെ അംഗങ്ങളായ കെ. നാരായണൻ മാസ്റ്റർ പി. രഘുനാഥ് തുടങ്ങിയവർ പങ്കെടുക്കുന്ന സമ്മേളനത്തിൽ മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ബി. ഹനുമന്ത ഗൗഡ അദ്ധ്യക്ഷത വഹിക്കും. മേളയോടനുബന്ധിച്ച് നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ 10ൽപരം സ്റ്റാളുകൾ പ്രദർശനത്തിന് ഉണ്ടാകും. ശാസ്ത്രീയ തെങ്ങ് കൃഷി രീതികൾ, കേരോത്പന്ന സംസ്ക്കരണം, മൂല്യവർദ്ധനവ്, നൂതന സാങ്കേതിക വിദ്യകൾ എന്നീ വിഷയങ്ങളിൽ വിദഗ്ധരുമായി സംവദിക്കാൻ കർഷകർക്ക് അവസരം ലഭിക്കും.

5. 2022-23 വർഷത്തെ **കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഫാം പ്ലാൻ അധിഷ്ഠിത കാർഷിക വികസന** പദ്ധതിയുടെ ഭാഗമായി, കർഷകർ പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വില്പ്പന നടത്തുന്നതിനായി "പ്രീമിയം സ്റ്റാളുകൾ" സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് ലക്ഷ്യമിടുന്നു. കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ FPO കൾ, കുറഞ്ഞത് മൂന്നു വർഷം മാർക്കറ്റിങ് മേഖലയിൽ വൈദഗ്ധ്യമുള്ള സന്നദ്ധസംഘടനകൾ, കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്ന കുടുംബശ്രീ യൂണിറ്റുകൾ, പ്രാഥമിക സർവീസ് സഹകരണ സൊസൈറ്റികൾ, ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, തുടങ്ങിയവയ്ക്ക്

അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ 17/02/2023 നകം സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാത് ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ്. ഡയറക്ടർ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

6. പൂന്തോട്ട സംരക്ഷകൻ (ഗാർഡൻ കീപ്പർ) എന്ന കൃഷിപാടവത്തിൽ സജ്ജരാക്കുന്നതിനുള്ള നൈപുണ്യ വികസന പരിശീലനം പട്ടാമ്പിയിൽ സ്ഥിതിചെയ്യുന്ന പാലക്കാട് കൃഷിവിജ്ഞാന കേന്ദ്രത്തിൽ ഉടൻ ആരംഭിക്കുന്നു. ഭാരത സർക്കാറിന്റെ നൈപുണ്യ വികസന പദ്ധതിയുടെ കീഴിൽ സംഘടിപ്പിക്കുന്ന 26 ദിവസം ദൈർഘ്യമുള്ള പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര ഏജൻസി അംഗീകൃത സർട്ടിഫിക്കറ്റും പരിശീലനത്തിനുള്ള അനുബന്ധ സഹായങ്ങളും നൽകുന്നതായിരിക്കും. നഴ്സറി മാനേജ്മെന്റും ഗാർഡനിങ്ങ് ഘടകങ്ങളും, വിവിധതരം ബഡ്ഡിങ്ങ് ഗ്രാഫ്റ്റിങ്ങ് പ്രവർധന മാർഗ്ഗങ്ങൾ, മാതൃവൃക്ഷ സംരക്ഷണവും പരിപാലനവും, വിവിധതരം ലാന്റ് സ്കെയിപ്പിങ്ങ്, ലംബകൃഷി (വെർട്ടിക്കൽ ഗാർഡനിങ്ങ്), സൂക്ഷ്മ ജലസേചനം, ഹൈഡ്രോപോണിക്സ്. വളർത്തു മൃഗ സംരക്ഷണം, വ്യക്തിത്വ വികസനം തുടങ്ങിയ വിഷയങ്ങൾ പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകി പ്രോഗ്രാമിൽ വിശദമായി പ്രതിപാതിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ താമസിക്കുന്ന താത്പര്യമുള്ള യുവതി യുവാക്കളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ 18 നും 45നും മദ്ധ്യേ പ്രായമുള്ളവരും പത്താം ക്ലാസ് യോഗ്യതയുള്ളവരും ആയിരിക്കണം. രജിസ്റ്റർ ചെയ്യുന്നവരിൽ നിന്ന് പരിശീലനത്തിനുള്ള അഭിരുചിയും, കായികക്ഷമതയും ഇതിനായി നടത്തുന്ന പരിശോധനയിൽ ബോധ്യപ്പെടുന്ന 25 പേർക്കാണ് പരിശീലനം നൽകുക. അപേക്ഷകൾ ഫെബ്രുവരി 25 നകം നേരിട്ടോ, തപാൽ മുഖേനയോ, kvkpalakkad@kau.in എന്ന ഈ മെയിൽ മുഖാന്തിരമോ, 6282937809 എന്ന വാട്സ്ആപ്പ് മുഖേനയോ പ്രോഗ്രാം കോർഡിനേറ്റർ കൃഷി വിജ്ഞാനകേന്ദ്രം പാലക്കാട് ,മേലെ പട്ടാമ്പി (പി), പാലക്കാട്, 79306 എന്ന വിലാസത്തിലോ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0466-2212279, 2912008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2023 ഫെബ്രുവരി 20, 21 തീയതികളിൽ ''ശുദ്ധമായ പാലുൽപാദനം'' എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ ഇന്ന് (17.02.2023) 5 മണിക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ

രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്ര ബത്തയും നൽകുന്നതാണ്. പരിശീലനാർഥികൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

8. റബ്ബറിന്റെയും റബ്ബറുത്പന്നങ്ങളുടെയും ഗുണമേന്മാനിയന്ത്രണം, റബ്ബറുത്പന്നങ്ങളുടെ വിശകലനം, റിവേഴ്സ് എഞ്ചിനീയറിങ് എന്നിവയിൽ റബ്ബർബോർഡ് പ്രത്യേക പരിശീലനം നൽകുന്നു. അസംസ്കൃതവസ്തുക്കളുടെ പരിശോധന, ഉത്പന്നങ്ങളുടെ വിശകലനം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം ഫെബ്രുവരി 20 മുതൽ 24 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ൽ വച്ച് നടക്കും. റബ്ബർവ്യവസായം, ആർ.&ഡി. സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിൽനിന്നുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലോ training@ rubberboard.org.in എന്ന ഇമെയിലിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം